(ബി) ഏതെല്ലാം പദ്ധതികൾക്കുള്ള തുകയാണ് ഇങ്ങനെ നഷ്ടപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര തുക ഈ ഇനത്തിൽ നഷ്ടമായി;

(ഡി) ഇങ്ങനെ തുക നഷ്ടപ്പെടുവാൻ ഇടവരുത്തിയത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായിരുന്നു എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പദ്ധതി തുകകൾ ഒന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളി ഭവന പദ്ധതി

108 [2718] ശ്രീ. കെ. ബാബു:
,, ബി. വിജയകുമാർ:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഭവന പദ്ധതിപ്രകാരം 2001 മേയ് മുതൽ ഇതുവരെ എത്ര പേർക്ക് വീട് വച്ചു കൊടുത്തു;

(ബി) അതിന് ഒട്ടാകെ എന്തു തുക ചെലവായിയെന്നറിയിക്കാമോ?

ഉത്തരം

(എ) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിപ്രകാരം 6,945 വീടുകളും സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം 2,500 വീടുകളും അനുവദിച്ചു.

(ബി) ചെലവായ തുക ചുവടെ ചേർക്കുന്നു:

വർഷം		തുക (ലക്ഷത്തിൽ)
2001-02	..	800.00
2002-03	..	177.87
2003-04	..	600.00
2004-05	..	600.00
2005-06	..	600.00
ആകെ		2777.87
സ്പെഷ്യൽ പാക്കേജ് പദ്ധതി:		
2005-06 (അനുവദിക്കുന്ന തുക)	..	1000.00
ആകെ		3777.87

LIBRARY ARCHIVES Kerala Legislative Assembly